## SUVISESHAKAN BALA SANGHAM - VALAKOM CENTRE

# SBS BIBLE QUIZ - 2023, JULY 30

## റോമർക്ക് എഴുതിയ ലേഖനം

| Time: **3.00 PM to 4.30 PM** | **ചോദ്യങ്ങൾ** | Maximum Marks **: 100** |
|---|---|---|

**പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ** • പരീക്ഷയ്ക്ക് 15 മിനിട്ട് മുമ്പേ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ പ്രവേശിക്കണം. • വൈകി വരുന്നവരെ പരീക്ഷ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. • എല്ലാ ചോദ്യങ്ങൾക്കും ഉത്തരകടലാസിലെ ശരിയായ ഉത്തരത്തിന്റെ കോളത്തിൽ ✓ മാർക്ക് ചെയ്താൽ മതി. • ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരം രേഖപ്പെടുത്തിയാൽ ആ ഉത്തരം അസാധുവാകും. • പരീക്ഷാർത്ഥികൾ ബോൾപോയിന്റ് പേന കൊണ്ടുവരേണ്ടതാണ്. • ബൈബിളോ, മൊബൈൽ ഫോൺ, ടാബ്, ലാപ്ടോപ്പ്, തുടങ്ങിയ യാതൊരുവിധ വാർത്താവിനിമയ, ഇലക്ട്രോണിക് ഉപകരണങ്ങളോ പരീക്ഷാ ഹാളിൽ അനുവദിക്കുന്നതല്ല. • ഉത്തരകടലാസ് ഇൻവിജിലേറ്ററെ തിരികെ ഏൽപ്പിക്കേണ്ടതാണ്. • ഉത്തരകടലാസുകൾ തിരികെ ലഭിക്കുന്നതല്ല. • പരീക്ഷ തുടങ്ങി കുറഞ്ഞത് 30 മിനിറ്റിന് ശേഷം മാത്രമേ പരീക്ഷാർത്ഥികളെ പരീക്ഷഹാളിന് പുറത്തുപോകുവാൻ അനുവദിക്കുകയുള്ളൂ. • ഇൻവിജിലേറ്റർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും അനുസരിക്കേണ്ടതാണ്. • ഉത്തരകടലാസിലെ നിർദ്ദിഷ്ട സ്ഥാനത്ത് പേര്, വയസ്സ്, ഗ്രൂപ്പ്, സഭ, ഫോൺനമ്പർ എന്നിവ വ്യക്തമായി എഴുതേണ്ടതാണ്. • തികച്ചും ദൈവഭയത്തോടെയും ആത്മീയ പക്വതയോടെയും ആകണം ബൈബിൾ ക്വിസ് നടത്തപ്പെടേണ്ടത്. • കൂട്ടം കൂടി ഇരിക്കുവാനോ, പകർത്തിയെഴുതുവാനോ, അന്യോന്യം സംസാരിക്കുവാനോ പരീക്ഷാഹാളിൽ നിന്ന് പുറത്തുപോകുവാനോ പരീക്ഷകഴിയുന്നതുവരെ പരീക്ഷാർത്ഥികളെ അനുവദിക്കുന്നതല്ല. • SBS ബൈബിൾ ക്വിസ് സംബന്ധിച്ച് SBS വാളകം സെന്റർ കമ്മിറ്റിയുടെ തീരുമാനവും വിധിനിർണ്ണയവും അന്തിമം ആയിരിക്കും.

---

1 **ദൈവം വിശുദ്ധരേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പ്കൂട്ടി വാഗ്ദത്തം ചെയ്തത് എന്ത്?**

A. പരിശുദ്ധാത്മാവ്  B. സുവിശേഷം  C. പ്രത്യാശ  D. നിത്യജീവൻ

2. **നീ കുരുടർക്ക് വഴികാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്ക് വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക് ഉപദേഷ്ടാവ്. ഇത് ആരെക്കുറിച്ച് പറഞ്ഞിരിക്കുന്നു?**

A. ക്രിസ്തു  B. ന്യായപ്രമാണം  C. സഭ  D. യഹൂദൻ

3. **ദൈവത്തിന്റെ അരുളപ്പാടുകൾ ഒന്നാമത് സമർപ്പിച്ചിരിക്കുന്നത് ആരുടെ പക്കലാണ്?**

A. യഹൂദന്റെ  B. അപ്പൊസ്തലന്മാരുടെ
C. സഭയുടെ  D. പൗലോസിന്റെ

4. **നമ്മുടെ പൂർവ്വ പിതാവ് എന്ന് അപ്പൊസ്തലനായ പൗലോസ് പറയുന്നത് ആരെക്കുറിച്ചാണ്?**

A. ആദാം  B. നോഹ  C. അബ്രാഹാം  D. മോശെ

5. **വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് ................ ഉണ്ട്.**

A. നിരപ്പ്  B. കൂട്ടായ്മ  C. സമാധാനം  D. പ്രത്യാശ

6. **നാം യേശുവിനോട് കൂടെ കുഴിച്ചിടപ്പെടുന്നത് എപ്പോൾ?**

A. ക്രിസ്തുവിന്റെ മരണ സമയത്ത്  B. നാം സ്നാനപ്പെടുമ്പോൾ
C. നാം മരിക്കുമ്പോൾ  D. നാം ആത്മാവിൽ നിറയുമ്പോൾ

7. **ഒരു വ്യക്തി പാപത്തെ അറിയുന്നത് എങ്ങനെ?**

A. പ്രായമാകുമ്പോൾ  B.ആത്മാവിനെ പ്രാപിക്കുമ്പോൾ
C. കൃപയുടെ സുവിശേഷം കേൾക്കുമ്പോൾ  D. ന്യായപ്രമാണത്താൽ

8. **'ഒരു ശിക്ഷാവിധിയും ഇല്ല' എന്ന് പറഞ്ഞിരിക്കുന്നത് ആർക്കാണ്?**

A. ശിശുക്കൾക്ക്  B. ബുദ്ധിയില്ലാത്തവർക്ക്
C. ന്യായപ്രമാണം അനുസരിക്കുന്നവർക്ക്  D. ക്രിസ്തുയേശുവിലുള്ളവർക്ക്

9. **ക്രിസ്തുവിനോട് വേർവിട്ട് ശാപഗ്രസ്ഥൻ ആകുവാൻ പൗലോസ് ആഗ്രഹിച്ചത് ആർക്കുവേണ്ടി?**

A. ക്രിസ്തുവിലുള്ള തന്റെ സഹോദരന്മാർക്ക് വേണ്ടി
B. ജഡപ്രകാരമുള്ള തന്റെ സഹോദരന്മാർക്ക് വേണ്ടി
C. താൻ മുഖാന്തരം വിശ്വാസത്തിൽ വന്നവർക്ക് വേണ്ടി D.സർവ്വസഭകൾക്കും വേണ്ടി

10. **സഹോദരന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്ന് തന്നെ എന്റെ ഹൃദയവാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. അവരാര്?**

A.യിസ്രായേൽ  B. കുടുംബക്കാർ  C.ജാതികൾ  D. എല്ലാവരും

11. അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല. ഏത്?
   A. ന്യായപ്രമാണം  B. ജഡത്തിന്റെ ചിന്ത
   C. ആത്മാവിന്റെ ചിന്ത  D. പ്രാകൃത മനുഷ്യൻ
12. ദൈവഹിതം തിരിച്ചറിയേണ്ടതിന് എന്ത് ചെയ്യണം?
   A. രക്ഷിക്കപ്പെടണം  B. സ്നാനപ്പെടണം
   C. കൂട്ടായ്മ ആചരിക്കണം  D. മനസ്സ് പുതുക്കി രൂപാന്തരപ്പെടണം
13. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷയ്ക്കായി പ്രതികാരിയായ ദൈവ ശുശ്രൂഷക്കാരൻ തന്നെ. അവനാര്?
   A. അധികാരസ്ഥൻ  B. മൂപ്പന്മാർ
   C. യേശുക്രിസ്തു  D. പരിശുദ്ധാത്മാവ്
14. ......... ൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപം അത്രേ
   A. ആത്മാവിൽ നിന്ന്  B. സ്നേഹത്തിൽ നിന്ന്
   C. വിശ്വാസത്തിൽ നിന്ന്  D. വചനത്തിൽ നിന്ന്
15. സ്ഥിരത ഉളവാകുന്നത് എന്തിനാലാണ്?
   A. സഹിഷ്ണതയിലൂടെ  B. തിരുവെഴുത്തുകളാൽ
   C. കൃപാവരങ്ങൾ ജ്വലിപ്പിക്കുന്നതിലൂടെ
   D. പ്രവർത്തനങ്ങളിൽ വ്യാപൃതനാകുന്നതിലൂടെ
16. ഫേബ ഏത് സഭയിലെ ശുശ്രൂഷക്കാരത്തിയാണ് ?
   A. അഖായ  B. മക്കെദോന്യ  C. കെംക്രയ  D. അന്ത്യോക്യ
17. പൗലോസിനെ വേർതിരിച്ചു വിളിച്ചത് എന്തിനായിട്ടായിരുന്നു?
   A. രക്ഷയ്ക്കായി  B. സുവിശേഷത്തിനായി
   C. ദൈവത്തിനായി  D. നിത്യ തേജസ്സിനായി
18. ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ ........... പ്രകാരം ന്യായംവിധിക്കും.
   A. മനസ്സാക്ഷി  B. വിശ്വാസം  C. സുവിശേഷം  D. പ്രസംഗം
19. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി ത്തീർന്നു. അവന്റെ കൃപയാൽ യേശുക്രിസ്തുവിങ്കലെ ....... മൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്.
   A. കരുണ  B. പരിജ്ഞാനം  C. അനുസരണം  D.വീണ്ടെടുപ്പ്
20. അബ്രഹാം ആശയ്ക്ക് വിരോധമായി ആശയോടെ വിശ്വസിച്ചപ്പോൾ തനിക്ക് ഏകദേശം എത്രവയസ്സ് ഉണ്ടായിരുന്നു?
   A. 100  B. 90  C. 99  D. 75
21. പാപം പെരുകിയേടത്ത് അത്യന്തം വർദ്ധിച്ചത് എന്ത്?
   A. ലംഘനം  B. ദൈവകോപം  C. ദൈവസ്നേഹം  D. കൃപ
22. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ....... ആയി സമർപ്പിക്കരുത്.
   A. അവയവങ്ങൾ  B. ആയുധങ്ങൾ  C. ഉപകരണങ്ങൾ  D. മാമോനായി
23. യിസ്രായേലിന് അംശമായി കാഠിന്യം ഭവിക്കുന്നത് എപ്പോൾ വരെ?
   A. യിസ്രായേൽ കുത്തിയവങ്കലേക്ക് നോക്കുന്നതുവരെ
   B. ജാതികളുടെ സംഖ്യ പൂർണ്ണമാകുന്നതുവരെ
   C. ജാതികളെല്ലാവരും രക്ഷിക്കപ്പെടുന്നതുവരെ  D. മഹാപീഡനം വരെ

24. ജഡത്താലുള്ള ബലഹീനത നിമിത്തം ........ കഴിയാഞ്ഞതിനെ സാധിപ്പിപ്പാൻ ദൈവം തന്റെ പുത്രനെ അയച്ചു.
A. മനുഷ്യന് B. ജഡത്തിന് C. ന്യായപ്രമാണത്തിന് D. യാഗത്തിന്

25. ഏതു നിമിത്തമാണ് ദൈവനിർമ്മാണത്തെ അഴിക്കരുതാത്തത്?
A. ഭക്ഷണം B. പിണക്കം C. ജഡത്തിന്റെ ചിന്ത D. ജഡീകത

26. ന്യായപ്രമാണത്തിന്റെ അവസാനം ആര്?
A. മലാഖി B. സ്നാപകയോഹന്നാൻ C. അന്തിക്രിസ്തു D. ക്രിസ്തു

27. ബാലിനു മുട്ടുകുത്താത്ത എത്രപേരെ ദൈവം ശേഷിപ്പിച്ചു?
A. 6000 B. 6999 C. 7000 D. 1001

28. സഹോദരപ്രീതിയിൽ സ്ഥായിപൂണ്ട് അന്യോന്യം മുന്നിട്ടുകൊള്ളേണ്ടത് ഏത് കാര്യത്തിലാണ്?
A. സ്നേഹിക്കുന്നതിൽ B. ബഹുമാനിക്കുന്നതിൽ
C. കീഴ്പ്പെടുന്നതിൽ D. വലിയവൻ എന്ന് എണ്ണുന്നതിൽ

29. ന്യായപ്രമാണത്തിലെ എല്ലാ കൽപ്പനയും സംക്ഷേപിച്ചിരിക്കുന്നത് ഏതു വചനത്തിലാണ്?
A. ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക
B. കൂട്ടുകാരന് ഉള്ളതൊന്നും മോഹിക്കരുത്
C. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുക
D. ഞാനല്ലാതെ അന്യദൈവം നിനക്ക് ഉണ്ടാകരുത്

30. ആസ്യയിൽ ക്രിസ്തുവിന് ആദ്യ ഫലമായത് ആര്?
A. എപ്പൈനത്തോസ് B. അന്ത്രോനിക്കൊസ്
C. അംപ്ലിയാത്തൊസ് D. ഉർബ്ബാനൊസ്

31. ........ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായി ത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതനായി അനുഷ്ഠിക്കുന്നു.
A. സഭ B. ജാതികൾ C. ശരീരയാഗം D. ആത്മീയയാഗങ്ങൾ

32. അപ്പൊസ്തലന്മാരുടെ ഇടയിൽ പേർകൊണ്ടവനും പൗലോസിന്റെ ചാർച്ചക്കാരനും ആയിരുന്നത് ആര്?
A. എപ്പൈനത്തോസ് B. ഉർബ്ബാനൊസ് C. അംപ്ലിയാത്തൊസ് D. അന്ത്രോനിക്കൊസ്

33. അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ സ്വർഗ്ഗത്തിൽ നിന്ന് വെളിപ്പെടുന്നത് എന്ത്?
A. ദൈവത്തിന്റെ കോപം B. ദൈവത്തിന്റെ സ്നേഹം
C. ദൈവത്തിന്റെ കൃപ D. ദൈവത്തിന്റെ കരുണ

34. അഗ്രചർമ്മത്തിൽവച്ച് ഉണ്ടായിരുന്ന വിശ്വാസനീതിക്ക് മുദ്രയായി പരിച്ഛേദന എന്ന അടയാളം ലഭിച്ചത് ആർക്ക്?
A. ദാവീദ് B. മോശെ C. യോശുവ D. അബ്രാഹാം

35. ജീവനായി ലഭിച്ചിരുന്ന ........ എനിക്ക് മരണ ഹേതുവായി തീർന്നു.
A. കൽപ്പന B. കൃപ C. സുവിശേഷം D. ആത്മാവ്

36. 'എനിക്ക് കരുണ തോന്നേണം എന്നുള്ളവനോട് കരുണ തോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുള്ളവനോട് കനിവ് തോന്നുകയും ചെയ്യും' എന്ന് യഹോവ അരുളി ചെയ്തത് ആരോട്?
A. അബ്രാഹാം B. യാക്കോബ് C. മോശെ D. യിസ്രായേൽ

37. ജാതികളുടെ അപ്പോസ്തലനായി അറിയപ്പെടുന്നത് ആര്?

A. പത്രോസ് B. പൗലോസ് C. തോമസ് D. യൂദ

38. 'യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.' റഫറൻസ് എഴുതുക.

A. 9/10 B. 9/9 C. 10/10 D. 10/9

39. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ടു ....... വേണ്ടി പ്രസാദിപ്പിക്കണം.

A. സ്നേഹത്തിൽ വളരാൻ B. പ്രത്യാശയിൽ വളരാൻ

C. ആത്മീക വർദ്ധനയ്ക്ക് D. കൃപയ്ക്ക്

40. തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാൻ മുൻനിയമിച്ചതാരെ?

A. വിളിച്ചവരെ B. മുന്നറിഞ്ഞവരെ C. വിശ്വസിച്ചവരെ D. പാപികളെ

41. നമ്മുടെ മർത്യ ശരീരങ്ങളെ ജീവിപ്പിക്കുന്നത് എങ്ങനെ?

A. തന്റെ ആത്മാവിനെ കൊണ്ട് B. തന്റെ ഗംഭീരനാദം കൊണ്ട്

C. പ്രധാന ദൂതന്റെ ശബ്ദം കൊണ്ട് D. ദൈവത്തിന്റെ കാഹളം കൊണ്ട്

42. ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ ........... വരുന്നു.

A. പാപത്തിന്റെ പരിഹാരം B. പാപത്തിന്റെ പരിജ്ഞാനം

C. പാപത്തിന്റെ കുറ്റബോധം D. ഇവ ഒന്നുമല്ല

43. ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ ബുദ്ധിക്ക് തെളിവായി വന്നത് എങ്ങനെ?

A. അവന്റെ ജ്ഞാനത്താൽ B. അവന്റെ പ്രവർത്തികളാൽ

C. അവന്റെ ആത്മാവിനാൽ D. അവന്റെ ശക്തിയാൽ

44. ...........ൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നുവെങ്കിലോ നിങ്ങൾ ജീവിക്കും.

A. വചനത്താൽ B. പ്രാർത്ഥനയാൽ C. ആത്മാവിനാൽ D. ഉപവാസത്താൽ

45. യിസ്രായേലിന്റെ അംഗീകരണം എന്തിനു കാരണമാകും?

A. ജാതികളുടെ രക്ഷയ്ക്ക്

B.ജാതികൾക്ക് ധനവും സമ്പത്തും വരുവാൻ

C. ലോകത്തിന്റെ നിരപ്പിന് D.മരിച്ചവരുടെ ഉയർപ്പിന്

46. കാട്ടൊലിവ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?

A. യെഹൂദൻ B. ജാതികൾ

C. രക്ഷിക്കപ്പെടാത്ത എല്ലാവരും D. ഇവരൊന്നുമല്ല

47. ദൈവം അവർക്ക് ഇന്നുവരെ ഗാഢനിദ്രയും കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും കൊടുത്തിരിക്കുന്നു. ആർക്ക്?

A. രക്ഷിക്കപ്പെടാത്തവർക്ക് B. ജഡീകന്മാർക്ക് C. യിസ്രായേലിന് D. ജാതികൾക്ക്

48. തിന്മയോട് തോൽക്കാതെ എന്ത് ചെയ്യണം?

A. തിന്മയോട് അകന്നു നിൽക്കണം B. തിന്മയ്ക്ക് പകരം തിന്മ ചെയ്യണം

C. നന്മയാൽ തിന്മയെ ജയിക്കുക D. നമുക്ക് ശരിയെന്നു തോന്നുന്നത് ചെയ്യുക

49. ന്യായപ്രമാണത്തിന്റെ നിവൃത്തി എന്താണ്?

A. സ്നേഹം B. കരുണ C. അനുസരണം D. ശപത്താചരണം

50. പൗലോസ് തന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചത് എവിടെ മുതൽ എവിടെ വരെയാണ്?

A. യെരുശലേം മുതൽ കപ്പദോക്യവരെ B. യെരുശലേം മുതൽ റോം വരെ

C. യെരുശലേം മുതൽ ഭൂമിയുടെ അറ്റത്തോളം D. യെരുശലേം മുതൽ ഇല്ലൂര്യദേശം വരെ

51. കർത്താവിൽ വളരെ അധ്വാനിച്ചവൾ എന്ന് പറഞ്ഞിരിക്കുന്നത് ഏത് സഹോദരിയെ കുറിച്ചാണ് ?

A. ഫേബ B. പ്രിസ്ക C. മറിയ D. പെർസിസ്

52. വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്...... എന്ന് ശക്തിയോടെ നിർണയിക്കപ്പെട്ടു.

A.ദൈവം B. ദൈവപുത്രൻ C. പരിശുദ്ധൻ D. രക്ഷകൻ

53. നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു. ഇത് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?

A. യഹൂദൻ B. സഭ

C. വചനമനുഷ്ഠിക്കാത്ത എല്ലാവരെയും D. ഇവ ഒന്നുമല്ല

54. നാം ആരായിരിക്കുമ്പോഴാണ് പുത്രന്റെ മരണത്താൽ നമുക്ക് ദൈവത്തോട് നിരപ്പ് വന്നത്?

A. പാപികൾ B. ശത്രുക്കൾ C. ബലഹീനർ D. അഭക്തർ

55. പാപത്തിന്റെ ശമ്പളം മരണമത്രെ; എന്നാൽ ദൈവത്തിന്റെ കൃപാവരമോ എന്താണ്?

A. യേശുക്രിസ്തുവിൽ സമാധാനം B. യേശുക്രിസ്തുവിൽ അനുഗ്രഹം

C. യേശുക്രിസ്തുവിൽ നിത്യജീവൻ D. യേശുക്രിസ്തുവിൽ സന്തോഷം

56. ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന, നമ്മുടെ അവയവങ്ങളിൽ കാണുന്ന മറ്റൊരു പ്രമാണം ഏത്?

A. പാപപ്രമാണം B. ന്യായപ്രമാണം C. കൃപയുടെപ്രമാണം D. ലോകത്തിന്റെപ്രമാണം

57. ആത്മ സ്വഭാവമുള്ളവൻ ആര്?

A. ദൈവാത്മാവ് വസിക്കുന്നവൻ B. ആത്മാവിനെ ദുഃഖിപ്പിക്കാത്തവൻ

C. പാപം ചെയ്യാത്തവൻ D. ശിശുക്കൾ

58. 'ഇതിനായിട്ട് തന്നെ ഞാൻ നിന്നെ നിർത്തിയിരിക്കുന്നത്; നിന്നിൽ എന്റെ ശക്തി കാണിക്കേണ്ടതിനും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവിക്കപ്പെടേണ്ടതിനും തന്നെ'. ഇത് ആരെയാണ് ഉദ്ദേശിക്കുന്നത്?

A. അബ്രാഹാം B. മോശെ C. യിസ്രായേൽ D. ഫറവോൻ

59. അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ച് എരിവുള്ളവർ എന്ന് ഞാൻ അവർക്ക് സാക്ഷ്യം പറയുന്നു. അവർ ആര്?

A. യിസ്രായേൽ B. റോമാ സഭ

C. കൊരിന്ത്യ സഭ D. തെസ്സലോനിക്യ സഭ

60. യിസ്രായേലിന്റെ ലംഘനം കൊണ്ട് രക്ഷ വന്നത് ആർക്ക്?

A. ജാതികൾക്ക് B. സഭയ്ക്ക് C.പാപിക്ക് D. തെരഞ്ഞെടുക്കപ്പെട്ടവർക്ക്

61. മോഹങ്ങൾ ജനിക്കുന്നത് എപ്പോൾ?

A.വിശ്വാസം നഷ്ടപ്പെടുമ്പോൾ B. കൃപ നഷ്ടപ്പെടുമ്പോൾ

C. ജഡത്തിനായി ചിന്തിക്കുമ്പോൾ D. ആത്മാവിനെ ദുഃഖിപ്പിക്കുമ്പോൾ

62. മക്കെദോന്യയിലും അഖായയിലും ഉള്ളവർ പൗലോസിന്റെ കൈവശം ധർമ്മോപകാരം കൊടുത്തയച്ചത് ആർക്കാണ്?
A. യെരുശലേമിലെ അപ്പോസ്തലന്മാർക്ക് B. യെരുശലേമിൽ ദരിദ്രരായവർക്ക്
C. പൗലോസിന്റെ സഹപ്രവർത്തകർക്ക് D.ബുദ്ധിമുട്ട് അനുഭവിക്കുന്ന വിധവമാർക്ക്

63. സർവ്വസഭയ്ക്കും അതിഥിസൽക്കാരം ചെയ്യുന്നത് ആര്?
A. ലൂക്യോസ് B. ക്വർത്തൊസ് C. ഗായൊസ് D. ഉർബ്ബാനൊസ്

64. ദൈവം അനുതപിക്കുന്നില്ലല്ലോ എന്ന് പറഞ്ഞിരിക്കുന്നത് ഏതെല്ലാം കാര്യങ്ങളെ ക്കുറിച്ചാണ്?
A. കൃപാവരങ്ങളേയും വിളിയെയും കുറിച്ച്
B. കൃപാവരങ്ങളേയും നീതിയെയും കുറിച്ച്
C. തന്റെ സ്വഭാവത്തെയും കൃപയെയും കുറിച്ച്
D. പാപം ചെയ്യുന്ന വിശ്വാസികളുടെ രക്ഷയെ കുറിച്ച്

65. ആത്മാവ് താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നത് എന്ത്?
A. ഇനി ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല
B. നാം മരണംവിട്ട് ജീവങ്കലേക്ക് കടന്നിരിക്കുന്നു
C. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ രക്ഷിക്കപ്പെടും
D. നാം ദൈവത്തിന്റെ മക്കൾ ആകുന്നു എന്ന്

66. എന്തിനെക്കുറിച്ചാണ് തനിക്ക് ലജ്ജയില്ല എന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നത്?
A. വിശ്വാസത്തെക്കുറിച്ച് B. സഭയെക്കുറിച്ച്
C. പ്രത്യാശയെകുറിച്ച് D. സുവിശേഷത്തെക്കുറിച്ച്

67. നമുക്ക് ലഭിച്ച ആദ്യ ദാനം എന്താണ്?
A. സുവിശേഷം B.കൃപ C. ആത്മാവ് D. കൃപാവരങ്ങൾ

68. അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനം ആര്?
A. യിസ്രായേൽ B. ജാതികൾ C. ജഡീകന്മാർ D. പ്രാകൃതർ

69. ഈ ലേഖനം എഴുതുവാൻ പൗലോസിനെ സഹായിച്ചത് ആര്?
A. തിമൊഥെയൊസ് B. തെർതൊസ് C. ലുക്യാസ് D. ആരും സഹായിച്ചില്ല

70. ദൈവം തന്റെ കോപം കാണിപ്പാനും ശക്തി വെളിപ്പെടുത്തുവാനും മുന്നൊരുക്കിയത് എന്ത്?
A. സഭ B. യിസ്രായേൽ C. ഫറവോൻ D. മഹാപീഡനം

71. പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും ആർക്കുള്ളതാണ്?
A. യിസ്രായേല്യർക്ക് B.സഭയ്ക്ക് C. ജാതികൾക്ക് D.വിശ്വസിക്കുന്ന എല്ലാവർക്കും

72. ജഡത്തിന്റെ ചിന്ത എന്താണ്?
A. പാപം B. ജീവനത്തിന്റെ പ്രതാപം C. സുഖഭോഗം D. മരണം

73. .......... കൂടാതെ പാപം നിർജീവമാകുന്നു.
A. ന്യായപ്രമാണം B. സാത്താൻ C.മോഹം D. കൃപ

74. എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിന് തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ ........വരെ വാണിരുന്നു.
A. മോശവരെ B. ക്രിസ്തുവരെ
C. ക്രിസ്തുവിന്റെ മടങ്ങിവരവ് വരെ D. വെള്ളസിംഹാസനംവരെ

75. പാപമോ ............ വരെ ലോകത്തിൽ ഉണ്ടായിരുന്നു. പൂരിപ്പിക്കുക.
A. നോഹ വരെ B. ന്യായപ്രമാണം വരെ C. ക്രിസ്തു വരെ D. യെരുശലേം വരെ
76. പ്രത്യാശയെ ഉളവാക്കുന്നത് എന്താണ്?
A. കഷ്ടത B. സഹിഷ്ണുത C. സിദ്ധത D. സ്നേഹം
77. ..........സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കുകയും മരിച്ചിട്ട് ഉയർത്തെഴുന്നേൽക്കുകയും ചെയ്തു.
A. ആത്മാവ് B. വംശാവലി C. പാരമ്പര്യം D. ജഡം
78. 'അവരുടെ മേശ അവർക്ക് കെണിയും കുടുക്കും ഇടർച്ചയും പ്രതികാരവുമായിത്തീരട്ടെ; അവരുടെ കണ്ണ് കാണാതവണ്ണം ഇരുണ്ടുപോകട്ടെ'. ഇങ്ങനെ പറഞ്ഞ ഭക്തൻ ആര്?
A. മോശെ B. ദാവീദ് C. യിരെമ്യാവ് D. ഇവർ ആരുമല്ല
79. ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന് എല്ലാവരെയും എന്ത്ചെയ്തു?
A. സ്നേഹിച്ചു B. പാപത്തിലേക്ക് തള്ളിയിട്ടു
C. അനുസരണക്കേടിൽ അടച്ചുകളഞ്ഞു D. തിരഞ്ഞെടുത്തു
80. വല്ലതും മലിനമെന്ന് എണ്ണുന്നവന്ന് മാത്രം അതു മലിനമാകുന്നു.ശരിയോ തെറ്റോ?
A. ശരി B. തെറ്റ് C. രണ്ടുമല്ല D. റോമാ ലേഖനത്തിൽ പറഞ്ഞിട്ടില്ല
81. ദൈവം പ്രവൃത്തി കൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം വർണ്ണിച്ചിരിക്കുന്ന പഴയ നിയമ ഭക്തനാര്?
A. ദാവീദ് B. അബ്രാഹാം C. മോശെ D. ശലോമോൻ
82. ...... വന്നപ്പോൾ പാപം വീണ്ടും ജീവിക്കുകയും ഞാൻ മരിക്കുകയും ചെയ്തു.
A. പ്രലോഭനം B. പിശാച് C. ക്രിസ്തു D. കൽപ്പന
83. മൂത്തവൻ ഇളയവനെ സേവിക്കുമെന്ന് പറഞ്ഞിരിക്കുന്നത് ആരെയൊക്കെകുറിച്ചാണ്?
A. യിസ്മായേൽ– യിസഹാക്ക് B. യാക്കോബ് – ഏശാവ്
C. പഴയനിയമവും പുതിയനിയമവും D. ജഡപ്രകാരവും ആത്മപ്രകാരവും
84. 'എന്റെ ജനം അല്ലാത്തവരെ എന്റെ ജനം എന്നും പ്രിയ അല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും. നിങ്ങൾ എന്റെ ജനം അല്ല എന്ന് അവരോട് പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടും' എന്ന് അരുളിചെയ്ത പ്രവാചകൻ ആര്?
A. യിരെമ്യാവ് B.യെശയ്യാവ് C. ഹോശേയ D. യോവേൽ
85. അധികാരികളെ നിയമിക്കുന്നത് ആര്?
A. ലോകം B. ഭരണഘടന C. പിശാച് D. ദൈവം
86. സത്യ ഉപദേശത്തിന് വിപരീതമായി ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവൻ സേവിക്കുന്നത് ആരെ?
A. ദൈവത്തെ B. മാമോനെ C. ലോകത്തെ D. വയറിനെ
87. റോമയിലുള്ള വിശ്വാസികളിൽ സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നത് എന്താണ്?
A. അവരുടെ സ്നേഹം B. അവരുടെ പ്രത്യാശ
C. അവരുടെ വിശ്വാസം D. അവരുടെ സ്നേഹ പ്രയത്നം
88. .......... വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് എണ്ണുന്നു.
A. കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ ക്രിസ്തുവിനെ B. ക്രിസ്തുവിന്റെ ക്രൂശിനെ
C. നിത്യതയെ D. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സിനെ

89. നീതിയെ പിന്തുടർന്ന യിസ്രായേലോ ആ പ്രമാണത്തിൽ എത്തിയില്ല. അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി. എന്താണ് കാരണം?

A. നീതിയെ വിശ്വാസത്താൽ അന്വേഷിച്ചതുകൊണ്ട്

B. നീതിയെ പ്രവർത്തികളാൽ അന്വേഷിച്ചതുകൊണ്ട്

C. നീതിമാനായവനെ തള്ളിക്കളഞ്ഞതുകൊണ്ട്

D. അവരുടെ ഹൃദയം തടിച്ചിരുന്നതുകൊണ്ട്

90. കാൽ എത്ര മനോഹരം എന്ന് പറഞ്ഞിരിക്കുന്നത് ആരുടെ?

A. പ്രസംഗിക്കുന്നവരുടെ B. നന്മ സുവിശേഷിക്കുന്നവരുടെ

C. ദൈവദാസന്മാരുടെ D. രക്ഷിക്കപ്പെട്ടവരുടെ

91. പൗലോസിന്റെ ഗോത്രം ഏത്?

A. യഹൂദാ B. എഫ്രായീം C. മനശ്ശെ D. ബെന്യാമീൻ

92. ലോകത്തിന് ധനവും ജാതികൾക്ക് സമ്പത്തും വരുവാൻ കാരണമായത് എന്ത്?

A. യിസ്രായേലിന്റെ ലംഘനം B. യിസ്രായേലിന്റെ മാനസാന്തരം

C. യേശുക്രിസ്തുവിന്റെ മരണം D. ജാതികളുടെ മാനസാന്തരം

93. വിടുവിക്കുന്നവൻ വരുന്നത് എവിടെ നിന്നാണ്?

A. യെഹൂദയിൽ നിന്ന് B. ക്രൂശിൽ നിന്ന്

C. സ്വർഗ്ഗത്തിൽ നിന്ന് D. സീയോനിൽ നിന്ന്

94. നമുക്ക് കടം ഉണ്ടാകേണ്ടത് ഏത് കാര്യത്തിലാണ്?

A. കൊടുക്കുന്നതിൽ B. സ്നേഹിക്കുന്നതിൽ

C. വിശ്വാസപരമായ കാര്യത്തിൽ D. വിശ്വസ്തതയിൽ

95. ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകരപ്പെട്ടത് എങ്ങനെ?

A. ക്രിസ്തുവിനാൽ B. പരിശുദ്ധാത്മാവിനാൽ

C. സുവിശേഷത്താൽ D. വിശ്വാസത്താൽ

96. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നുവെങ്കിലോ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല, പിന്നെ ആര്?

A. പ്രലോഭനം B.പഴയ മനുഷ്യൻ C. പിശാച് D. പാപം

97. സൃഷ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നത് എന്തിനു വേണ്ടിയാണ്?

A. പുതിയ ആകാശ പുതിയ ഭൂമിക്കായി B. ദൈവ പുത്രന്മാരുടെ യഥാസ്ഥാനത്തിനായി

C. ദൈവപുത്രന്മാരുടെ വെളിപ്പാടിനായി D. മനുഷ്യ പുത്രന്മാരുടെ മാനസാന്തരത്തിനായി

98. വിശ്വാസം വരുന്നത് എങ്ങനെ?

A. കൃപയാൽ B. വചന കേൾവിയാൽ

C. അറിവ് വർദ്ധിക്കുമ്പോൾ D. പരിജ്ഞാനത്തിൽ വളരുമ്പോൾ

99. നാമിനി പാപത്തിന് അടിമപ്പെടാതവണ്ണം പാപ ശരീരത്തിന് നീക്കം വരേണ്ടതിന് ക്രൂശിക്കപ്പെട്ടത് ആര്?

A. ആദാം B. പുതിയ മനുഷ്യൻ C. പഴയ മനുഷ്യൻ D. ക്രിസ്തു

100. ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കേണ്ടത് എന്ത്?

A. നമ്മുടെ ആത്മാവിനെ B. നമ്മുടെ ശരീരത്തെ

C. ആത്മീയയാഗങ്ങൾ D. ദൈവത്തിനു കൊടുക്കുന്നത്